# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ - *325 | 24.02.2016- ലെ മറുപടിക്ക്

## സർക്കാരിന്റെ വാർഷിക പദ്ധതികൾ

**ചോദ്യം**

ശ്രീ.എ.പ്രദീപ്കുമാർ
ശ്രീ. പി.കെ.ഗുരുദാസൻ
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ.ജെയിംസ് മാത്യൂ

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) ഈ സർക്കാരിന് വാർഷിക പദ്ധതികൾ ഏതെങ്കിലും വർഷം, പൂർണ്ണമായും നടപ്പിലാക്കുവാൻ സാദ്ധ്യമായിട്ടുണ്ടോ; പിന്നിട്ട അഞ്ച് വാർഷിക പദ്ധതികളുടെയും നിർവ്വഹണങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി വിശദമാക്കാമോ;

(എ) ഈ സർക്കാരിന്റെ, കഴിഞ്ഞ അഞ്ച് വാർഷിക പദ്ധതികളുടെ ചെലവ് 2016-17 ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം താഴെ പറയുന്ന വിധത്തിലാണ്.

(രൂപ കോടിയിൽ)

| വർഷം | പദ്ധതി അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2011-12 | 12010 | 11758.90 | 97.91 |
| 2012-13 | 14010 | 14731.92 | 105.15 |
| 2013-14 | 17000 | 14901.29 | 87.65 |
| 2014-15 | 20000 | 15567.26 | 77.84 |
| 2015-16 ജനുവരി 31വരെ | 20000 | 9605.74 | 48 |

(ബി) മേൽ പദ്ധതികളുടെ കാലയളവിൽ ലക്ഷ്യമിടുന്ന ഓരോ വൻകിട അടിസ്ഥാന സൗകര്യ വികസനപദ്ധതികൾക്കും നീക്കിവെച്ചിരുന്ന തുകയും, പിൻവലിക്കപ്പെട്ടതുകയും പദ്ധതികളുടെനിജസ്ഥിതിയും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വിഹിതം ഒരുമിച്ച് വകയിരുത്തുന്ന രീതി 2013-14 മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിൽ നിലവിലുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ ഇനത്തിൽ, വർഷം തിരിച്ചുള്ള വിഹിതവും 08/02/2016 വരെയുള്ള ചിലവും താഴെ പറയുന്നു.

(രൂപ കോടിയിൽ)

| വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച/ പിൻവലിച്ചതുക തുക | ശതമാനം |
|---|---|---|---|
| 2013-14 | 846.03 | 234 | 23.66 |
| 2014-15 | 1225 | 921 | 75.18 |
| 2015-16 | 2000 | 307.87 | 15.39 |

**(സി)** പദ്ധതി ചെലവിൽ മൂലധന നിക്ഷേപ ശതമാനം കുറയാനിടയായ സാഹചര്യങ്ങൾ വിശദമാക്കാമോ;

**(സി)** റവന്യൂ പദ്ധതിക്ക് മുൻതൂക്കം നൽകിയാണ് വാർഷികപദ്ധതി കാലാകാലങ്ങളായി തയ്യാറാക്കിവരുന്നത്. ഇതുകാരണമാണ് പദ്ധതി ചെലവിൽ മൂലധനനിക്ഷേപശതമാനം കുറയാനിടയായത്.

**(ഡി)** പദ്ധതികളുടെ രൂപകല്പന ഏപ്രിൽ മെയ് മാസങ്ങളിൽ തന്നെ പൂർത്തിയാക്കിയിട്ടുണ്ടോ; പദ്ധതി നിർവ്വണ ശൈലിയിൽ ഏത് നിലയിലുള്ള മാറ്റങ്ങൾ വരുത്തുകയുണ്ടായി;

**(ഡി)** സംസ്ഥാന വാർഷികപദ്ധതികളുടെ രൂപകൽപന

അതാതു വകുപ്പുകൾ പൂർത്തിയാക്കിവരുന്നു. ഇതിനായി 2016-17 വാർഷിക പദ്ധതിയിൽ ഗ്രീൻ ബുക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുന്നതിന് സഹായകമായി 2016-17-ൽ

കൂടുതൽ പ്രാധാന്യം അർഹിക്കുന്നതും വേഗത്തിൽനടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികളെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(ഇ)** പദ്ധതി നിർവ്വഹണവും പദ്ധതി ചെലവും അപ്പപ്പോൾ നിരീക്ഷിക്കുന്നതിനുള്ള

സംവിധാനംനിലവിലുണ്ടോ; എങ്കിൽ പ്ലാനിംഗ് ബോർഡ് ഏറ്റവും ഒടുവിൽനടത്തിയനിരീക്ഷണങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

**(ഇ)** ഉണ്ട്. 2015-16 വാർഷിക പദ്ധതിയുടെ 2016 ജനുവരി 31 വരെയുള്ള ചെലവ് വിശദാംശങ്ങൾ

അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

ന്യൂനപക്ഷം

Annual Plan 2015-16

Financial Progress as on 31st January 2016 (provisional)

| Sl No | Govt. Department | Outlay (₹ in Crore) | Expenditure (₹ in Crore) | % |
|---|---|---|---|---|
| 1 | Agriculture Development & Farmers' Welfare | 613.33 | 305.78 | 49.86 |
| 2 | Animal Husbandry | 378.38 | 173.73 | 45.91 |
| 3 | AYUSH | 76.22 | 45.17 | 59.26 |
| 4 | Co-operation | 89.99 | 45.84 | 50.94 |
| 5 | Cultural Affairs | 79.84 | 34.08 | 42.68 |
| 6 | Environment | 29 | 9.28 | 31.98 |
| 7 | Finance | 168.18 | 139.56 | 82.98 |
| 8 | Fisheries | 367.77 | 278.46 | 75.72 |
| 9 | Food & Civil Supplies | 23.99 | 9.36 | 39.00 |
| 10 | Forest & Wild Life | 152 | 75.29 | 49.53 |
| 11 | General Administration | 96.15 | 64.83 | 67.42 |
| 12 | General Education | 383.97 | 96.58 | 25.15 |
| 13 | Health & Family Welfare | 639.15 | 346.43 | 54.20 |
| 14 | Higher Education | 708.11 | 300.45 | 42.43 |
| 15 | Home & Vigilance | 118.5 | 4.88 | 4.12 |
| 16 | Housing | 44.9 | 6.38 | 14.20 |
| 17 | Information and Public Relations | 35 | 8.69 | 24.82 |
| 18 | Industries & Commerce | 581.95 | 318.90 | 54.80 |
| 19 | Electronics & Information Technology | 354.11 | 192.57 | 54.38 |
| 20 | Labour and Skills | 413.26 | 279.25 | 67.57 |
| 21 | Law | 1 | 0.00 | 0.00 |
| 22 | Legislature | 1.12 | 0.50 | 44.54 |
| 23 | Local Self Government | 1023.97 | 343.21 | 33.52 |
| 24 | Non- Resident Keralites Affairs | 23.34 | 12.51 | 53.60 |
| 25 | Personnel & Administrative Reforms | 15.5 | 8.46 | 54.57 |
| 26 | Planning & Economic Affairs | 302.61 | 16.39 | 5.41 |
| 27 | Ports | 269.29 | 43.69 | 16.23 |
| 28 | Power | 1467.2 | 779.19 | 53.11 |
| 29 | Public Works | 1087.84 | 1912.68 | 175.82 |
| 30 | Revenue | 96.31 | 9.31 | 9.67 |
| 31 | Scheduled Castes | 1080.11 | 653.98 | 60.55 |
| 32 | Scheduled Tribes | 457.33 | 205.18 | 44.87 |

| | | | | |
|---|---|---|---|---|
| 33 | Science & Technology | 100.04 | 30.59 | 30.58 |
| 34 | Social Justice | 366.32 | 183.37 | 50.06 |
| 35 | Sports and Youth Affairs | 116.58 | 79.72 | 68.39 |
| 36 | Taxes | 13.4 | 1.81 | 13.50 |
| 37 | Tourism | 223.04 | 139.76 | 62.66 |
| 38 | Transport | 396.28 | 193.45 | 48.82 |
| 39 | Water Resources | 1396 | 789.02 | 56.52 |
| 40 | LSG Institutions | 4800 | 1467.41 | 30.57 |
| 41 | Major Infrastructural Development Projects * | 1408.92 | 0 | 0 |
| | **TOTAL** | **20000.00** | **9605.74** | **48** |

Source: Plan Space

* From the initial outlay of ₹2000 Crore earmarked for the Major Infrastructural Development Projects, ₹172.35 Crore has been allotted to Kochi Metro Rail Ltd, ₹150 Crore to Vizhinjam International Seaport Ltd, ₹142 Crore to Cochin International Airport Ltd, ₹70 Crore to Kollam and Alappuzha Bye passes, ₹49.43 Crore to National Games and ₹7.3 Crore to Capital Region Development Programme (Total of ₹ 591.08 Crores).